ഉത്തരം

(എ) 51 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഒറ്റപ്പാലം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് വരികിടിയിലും ശ്രീകൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് കോട്ടപ്പുറത്തും പുതിയ സെക്ഷനുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബോർഡ് തയ്യാറാക്കിയിരുന്നു. ഏകദേശം 49 ചതുരശ്ര കി.മീ. വിസ്തൃതിയും 24520 ഉപഭോക്താക്കളുമുള്ള ഒറ്റപ്പാലം സെക്ഷന്റെ വിഭജനം പുതിയ സെക്ഷൻ രൂപീകരണത്തിനുള്ള മാനദണ്ഡത്തിലുൾപ്പെടാത്തതിനാൽ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. ഏകദേശം 103 ചതുരശ്ര കി.മീ. വിസ്തൃതിയും 21344 ഉപഭോക്താക്കളുമുള്ള ശ്രീകൃഷ്ണപുരം സെക്ഷന്റെ വിഭജനം ബോർഡിന്റെ സജീവ പരിഗണനയിലാണ്.

കാസർഗോഡ് വലിയപറമ്പിൽ പുതിയ സബ് എഞ്ചിനീയർ ഓഫീസ്

42 (6493) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഊർജ്ജവകുപ്പിന്റെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതിയതായി ഏതെങ്കിലും ഓഫീസ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) വലിയപറമ്പിൽ സബ് എൻജിനീയർ ഓഫീസ് ആരംഭിക്കാനുള്ള നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എ.പി.ടി.എസ്., ആർ.എ.ഒ. ഓഫീസുകൾ ഉൾപ്പെടെ വിതരണ വിഭാഗത്തിന്റെ പരിധിയിൽ 43 ഓഫീസുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷന്റെകീഴിൽ പുതിയതായി അനുവദിച്ച പട്ടണക്കാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) വലിയപറമ്പിൽ സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ദുർബ്ബല വിഭാഗങ്ങൾക്കുള്ള സൗജന്യ വൈദ്യുതി കണക്ഷൻ

43 (6494) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഏതെങ്കിലും വിഭാഗങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സൗജന്യങ്ങൾ മുന്പ് നൽകിയിരുന്നോ ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് ഏതൊക്കെ ആനുകൂല്യങ്ങളാണ് നൽകിയിരുന്നതെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly